## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1056 — 14/01/2021-ൽ മറുപടിക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം

**ചോദ്യം**
ശ്രീ.ജോൺ ഫെർണാണ്ടസ്
ശ്രീ.എ.പ്രദീപ് കുമാർ
ശ്രീ.സജി ചെറിയാൻ
ശ്രീ.കെ.കുഞ്ഞിരാമൻ

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആധുനികവത്ക്കരണത്തിന്റെയും വൈവിധ്യവത്ക്കരണത്തിന്റെയും പാതയിലൂടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിലും പരിശീലനവും വ്യക്തിത്വ വികാസവും പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങളാക്കി മാറ്റുവാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) & (ബി) | നിലവിലുള്ള തൊഴിലവസരങ്ങൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ എന്നിവയും സംഘടിപ്പിച്ച് വരുന്നുണ്ട്. |
| (ബി) | തൊഴിൽരഹിതർക്ക് ഒഴിവുകൾ അനുസരിച്ച് തൊഴിൽ നൽകുന്നതിനോടൊപ്പം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ മികച്ച പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും അവയെ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി ഉയർത്തുവാനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്രപേർക്ക് നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; | (സി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ആകെ 51,707 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |
| (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ഈ സർക്കാർ നടപ്പാക്കുന്ന ശരണ്യ, കൈവല്യ തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകാമോ? | (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ കൈവല്യ പദ്ധതി പ്രകാരം നാളിതുവരെ ആകെ 3,844 പേർക്ക് സ്വയംതൊഴിൽ വായ്പ അനുവദിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ശരണ്യാ പദ്ധതിയിലൂടെ സ്വയംതൊഴിൽ ചെയ്യുന്നതിന് സാമ്പത്തിക സഹായം (വായ്പ) നല്കിയിട്ടുള്ളതിന്റെ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിവരം **അനുബന്ധമായി** ചേർക്കുന്നു. |

Kavitha.T

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## ശരണ്യ പദ്ധതി

| സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വായ്പ | സബ്സിഡി | പദ്ധതി പ്രവർത്തനം | ആകെ |
|---|---|---|---|---|---|
| 2016-17 | 3180 | 7,91,50,000/- | 7,91,50,000 | 17,00,000 | 16,00,00,000 |
| 2017-18 | 3828 | 9,51,36,133/- | 9,51,36,133 | 22,27,734 | 19,25,00,000 |
| 2018-19 | 3546 | 8,60,00,000/- | 8,50,01,520 | 9,98,480 | 17,20,00,000 |
| 2019-20 | 2516 | 6,09,03,270/- | 6,26,51,750 | - | 12,35,55,020 |
| 2020-21 | 3142 | 7,65,50,000 | 7,58,00,000 | - | 15,23,50,000 |
| ആകെ | **16212** | **39,77,39,403** | **39,77,39,403** | **49,26,214** | **80,04,05,020** |

Kavitha I

**സെക്ഷൻ ഓഫീസർ**